**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1534** **16-10-2026-ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ (കെ.എസ്.എസ്.ടി.എം) സബ് സെന്ററുകളായ സയൻസ് സിറ്റി കോട്ടയം, റീജിയണൽ സെന്റർ ചാലക്കുടി, റീജിയണൽ സെന്റർ പരപ്പനങ്ങാടി എന്നിവയുടെ നിർമ്മാണമാരംഭിച്ചതെന്നാണെന്നും പദ്ധതി തുകയുൾപ്പടെയുള്ള വിശദാംശവും ഇനം തിരിച്ച് വ്യക്തമാക്കുമോ;

**മറുപടി:** 2011-ൽ ആരംഭിച്ച ചാലക്കുടി റീജിയണൽ സയൻസ് സെന്റർ പദ്ധതിക്കായി 20 കോടി രൂപയും 2013-ൽ ആരംഭിച്ച കോട്ടയം സയൻസ് സിറ്റി പദ്ധതിക്കായി 120 കോടി രൂപയും 2015-ൽ ആരംഭിച്ച പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്റർ പദ്ധതിക്കായി 16.35 കോടി രൂപയുമാണ് അടങ്കൽ തുകയായി കണക്കാക്കിയിട്ടുള്ളത്.

**(ബി)** പ്രസ്തുത സ്ഥാപനങ്ങളിലെ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**മറുപടി:** പ്രസ്തുത സ്ഥാപനങ്ങളിൽ വിഭാവനം ചെയ്തതുപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രം 2021 ഫെബ്രുവരി 16-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തുവെങ്കിലും കെട്ടിടത്തിന്റെ ചോർച്ച കാരണം പ്ലാനറ്റേറിയം പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. കോട്ടയം സയൻസ് സിറ്റിയുടെ ആദ്യഘട്ടം 2025 ജൂലൈ 3-ന് തുറന്നുകൊടുത്തുവെങ്കിലും, മൈക്രോ കോൺക്രീറ്റിംഗ് നിർവ്വഹിക്കാൻ സാധ്യമാകാത്തതിനാൽ പ്ലാനറ്റേറിയം സ്ഥാപിക്കുന്നതിനുള്ള സ്പേസ് തീയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പരപ്പനങ്ങാടി കേന്ദ്രത്തിൽ പ്ലാനറ്റേറിയത്തിന്റെയും സയൻസ് സെന്റർ കെട്ടിടത്തിന്റെയും നിർമ്മാണം 2021 മാർച്ചിൽ പൂർത്തിയായെങ്കിലും തുടർപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

**(സി)** പ്രസ്തുത സ്ഥാപനങ്ങളിലെ പ്ലാനറ്റോറിയം ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള വിജിലൻസ് കേസുകൾ, അന്വേഷണങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ സബ് സെന്ററുകളായ കോട്ടയം സയൻസ് സിറ്റി, ചാലക്കുടി റീജിയണൽ സയൻസ് സെന്റർ എന്നിവടങ്ങളിലെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളും C&AG റിപ്പോർട്ടുകളും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. കൃത്യമായ ഏകോപനമില്ലായ്മയും മുൻകൂട്ടിയുള്ള ആസൂത്രണക്കുറവും മൂലം നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന് പ്രസ്തുത റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിർമ്മാണ ചുമതലകൾ ഏൽപ്പിച്ചതിലും നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ പണം അനുവദിച്ചതിലും സാങ്കേതികാനുമതി നൽകിയതിലും മാനദണ്ഡങ്ങൾ പാലിച്ചില്ലെന്നും, ചെക്ക് മെഷർമെന്റ് ഉൾപ്പെടെയുള്ള സാങ്കേതിക പരിശോധനകളിൽ വീഴ്ചകൾ സംഭവിച്ചതായും റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, നിർവ്വഹണ ഏജൻസികളുടെയും കൺസൾട്ടന്റുമാരുടെയും ഭാഗത്തുനിന്നുണ്ടായ കരാർ ലംഘനങ്ങൾ, ഡിസൈനിലെ മാറ്റങ്ങൾ, നിർമ്മാണത്തിലെ സാങ്കേതിക അപാകതകൾ എന്നിവ മൂലം പ്രവൃത്തികൾ നീണ്ടുപോയെന്നും, കെട്ടിട നിർമ്മാണങ്ങൾ പൂർത്തിയാകാതെ, വിദേശത്തുനിന്നടക്കം കോടിക്കണക്കിന് രൂപ ചെലവാക്കി അത്യാധുനിക ഉപകരണങ്ങൾ മുൻകൂർ വാങ്ങി സൂക്ഷിച്ചതിലൂടെ അവ പ്രവർത്തനക്ഷമമാകാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായതായും റിപ്പോർട്ടുകളിൽ പരാമർശമുണ്ട്.

**(ഡി)** കുട്ടികൾക്കും യുവതലമുറയ്ക്കും ഏറെ പ്രയോജനകരമായ ഇത്തരം ശാസ്ത്രവിദ്യാഭ്യാസ പദ്ധതികളുടെ നടത്തിപ്പിലും നിർമ്മാണത്തിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അലംഭാവം, കാലതാമസം എന്നിവയും കണ്ടെത്തിയ വീഴ്ചകളിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസവും ഗൗരവമായി കാണുമോ; പ്രസ്തുത വിഷയത്തിൽ ഓഡിറ്റിലേയും വിജിലൻസ് റിപ്പോർട്ടിലേയും കണ്ടെത്തലുകളിന്മേലുള്ള നടപടി വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയും കൃത്യവിലോപവും സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. മേൽനോട്ടത്തിൽ വീഴ്ച വരുത്തുകയും ചട്ടവിരുദ്ധമായി അനുമതികളും പേയ്മെന്റുകളും നൽകുകയും ചെയ്ത കെ.എസ്.എസ്.റ്റി.എം-ലെ മുൻ ഡയറക്ടർ ഉൾപ്പടെയുള്ള ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും, നിർമ്മാണത്തിലെ അപാകതകൾക്കും കരാർ ലംഘനങ്ങൾക്കും എതിരെ നിർമ്മാണ ഏജൻസികൾക്കെതിരെ സിവിൽ നിയമപ്രകാരമുള്ള നടപടിയെടുക്കാനും, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുമാണ് വിജിലൻസ് റിപ്പോർട്ടുകളിൽ പ്രധാനമായും ശിപാർശ ചെയ്തിട്ടുള്ളത്.

കുറ്റക്കരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിവിധ വിജിലൻസ് റിപ്പോർട്ടുകൾ, ഓഡിറ്റ് ഒബ്ജക്ഷനുകൾ എന്നിവ പ്രകാരമുള്ള സാമ്പത്തിക ബാധ്യതകളും റിക്കവറികളും കൃത്യമായി കണക്കാക്കാനും അച്ചടക്ക നടപടികൾ അന്തിമമാക്കാനും കെ.എസ്.എസ്.റ്റി.എം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും അവർക്ക് കെ.എസ്.ആർ ഭാഗം III ബാധകമാക്കിയിട്ടില്ലാത്തതിനാലും കെ.എസ്.ആർ. ഭാഗം III ചട്ടം 59(d) പ്രകാരമുള്ള അച്ചടക്ക നടപടിയോ കെ.എസ്.എസ്.റ്റി.എം സേവന പെരുമാറ്റ ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പ്തല നടപടിയോ ഇവർക്കെതിരെ സ്വീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ കെ.എസ്.എസ്.റ്റി.എം-ലെ മുൻ ഡയറക്ടർ ഉൾപ്പടെയുള്ള വിരമിച്ച ജീവനക്കാർക്കെതിരെ സിവിൽ / ക്രിമിനൽ നിയമ നടപടികൾ കൈക്കൊള്ളുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഇ)** ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ;

**മറുപടി:** വിജിലൻസ് അന്വേഷണവും ഓഡിറ്റ് പരിശോധനകളും ഇതിനകം പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ, റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള തുടർനടപടികളും പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. സാമ്പത്തിക ബാധ്യതകളും റിക്കവറിയും കൃത്യമായി കണക്കാക്കുവാൻ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സീനിയർ ജോയിന്റ് ഡയറക്ടറും സെക്ഷൻ ഓഫീസറും അടങ്ങിയ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് തുടർ അന്വേഷണം ആവശ്യമായി വരുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**(എഫ്)** പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തിക്കായി 07.09.2026-ലെ സ.ഉ(സാധാ)നം.1141/2026/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 58,65,000 രൂപയുടെ ഭരണാനുമതി നൽകുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കോട്ടയം സയൻസ് സിറ്റിയിലെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തിയായ സ്പേസ് തീയേറ്ററിന്റെ തുടർപ്രവർത്തനങ്ങൾക്കായി ഇതേ ഉത്തരവുപ്രകാരം 11,64,13,421 രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിട്ടുള്ളതും, ഇതിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ ചുറ്റുമതിൽ, കഫറ്റേരിയ, സെക്യൂരിറ്റി കാബിൻ, ടോയ്‌ലറ്റ് സൗകര്യം എന്നിവ നിർമ്മിക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ, പരപ്പനങ്ങാടിയിലെ തുടർ വികസന പ്രവർത്തനങ്ങൾക്ക് ആദ്യഘട്ടമായി 12.5 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**